മാതൃഭൂമി 20 October 2022

# മത്സ്യലഭ്യത അറിയാൻ ആൻഡമാന് സഹായവുമായി സി.എം.എഫ്.ആർ.ഐ.

കൊച്ചി ▸ സമുദ്രമത്സ്യ ലഭ്യതയുടെ വിവര ശേഖരണത്തിന് ആൻഡമാൻ നിക്കോബാർ ഭരണകൂടത്തിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) സാങ്കേതിക സഹായം.

മത്സ്യലഭ്യതയുടെ കണക്കെടുക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ച സോഫ്റ്റ്‌വേർ അധിഷ്ഠിത സാംപ്ലിങ് രീതി ഉപയോഗിച്ചുള്ള വിവര ശേഖരണത്തിന് ദ്വീപിൽ തുടക്കമായി. ഇലക്ട്രോണിക് ടാബ്ലെറ്റുകൾ ഉപയോഗിച്ച് ഓൺലൈനായാണ് വിവര ശേഖരണം. ഇതു സംബന്ധിച്ച് ദ്വീപ് ഭരണകൂടം സി.എം.എഫ്.ആർ.ഐ.യുമായി ധാരണാപത്രം ഒപ്പിട്ടിരുന്നു.

ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ (എഫ്.എ.ഒ.) അംഗീകാരമുള്ളതാണ് സി.എം.ഫ്.ആർ.ഐ.യുടെ സാംപ്ലിങ് രീതി. ഇന്ത്യയുടെ എല്ലാ ലാൻഡിങ് സെന്ററുകളിൽനിന്നും സി.എം.എഫ്.ആർ.ഐ. കണക്കെടുക്കുന്നുണ്ട്. ശേഖരിക്കുന്ന ഡേറ്റ കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിനും സി.എം.എഫ്.ആർ.ഐ. ധാരണാപത്രം ഒപ്പുവെച്ച സംസ്ഥാനങ്ങൾക്കും കൈമാറുന്നുണ്ടെന്നും ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.